# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ (യു.ജി)യുടെ യോഗ തീരുമാനങ്ങൾ പരിഗണിക്കുവാൻ 02.08.2019 ൽ കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശ - അംഗീകരിച്ച് ഉത്തരവ് - പരിഷ്ക്കരിച്ച് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ 12 സെക്ഷൻ

സ.ഉ.നം. 3015/എ.സി.എ 12/3/11864/2019 തീയതി, പി.ഡി.ഹിൽസ്, 17.09.2019

---

പരാമർശം :1)02.08.2019 ൽ ചേർന്ന അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മറ്റി യോഗ നടപടിക്കുറിപ്പ് ഇനം നം. 19/195126.

2) ഉത്തരവ് നമ്പർ.2444/ എ.സി.എ 12/3/11864/2019 തീയതി:31/08/2019.

## ഉത്തരവ്

24.06.2019 ൽ ചേർന്ന ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ (യു.ജി) യോഗത്തിന്റെ താഴെപ്പറയുന്ന ശിപാർശകൾ ബഹു. വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രൊ. വൈസ് ചാൻസിലറുടെ 15.07.2019 ലെ ഉത്തരവിൻ പ്രകാരം അക്കാദമിക് കൗൺസിലിന് മുമ്പാകെ സമർപ്പിച്ചിരുന്നു.

1) സർക്കാർ/പി.എസ്.സി-യുടെ സമീപകാല റെഗുലേഷൻ, യൂണിവേഴ്സിറ്റി ഉത്തരവുകൾ അനുസരിച്ച് അടുത്തവർഷം തന്നെ ബി.എഡ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് പരിഷ്കരിക്കുക.
2) ബി.വോക് ബിരുദം നേടിയവർക്ക് ബി.എഡ് പ്രവേശനത്തിന് യോഗ്യതയില്ല.
3) ട്രിപ്പിൾ/ഡബിൾ മെയിൻ ബിരുദധാരികളുടെ യോഗ്യത, റാങ്കിങ് എന്നിവ നിലവിലെ ഓർഡർ അനുസരിച്ചായിരിക്കണം - അതായത് ബി.എഡ് പ്രവേശനത്തിന് അവർ യോഗ്യരാണെങ്കിലും റാങ്കിങ്ങിന്റെ കാര്യത്തിൽ അവരെ പരിഗണിക്കുന്നത് സിംഗിൾ മെയിൻ ബിരുദധാരികളുടെ റാങ്കിങ്ങിന് ശേഷമായിരിക്കും.
4) ബി.എ മ്യൂസിയോളജി & ആർക്കിയോളജി ബിരുദം നേടിയവർക്ക് ബി.എഡ് പ്രവേശനത്തിന് യോഗ്യതയില്ല.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

5) 5വർഷത്തെ സംയോജിത പ്രോഗ്രാമിന്റെ 3 വർഷം പൂർത്തിയാക്കിയ ശേഷം ഡിഗ്രി സർട്ടിഫിക്കറ്റ് നേടിയ വിദ്യാർത്ഥികൾക്ക് പ്രസ്തുത വിഷയത്തിൽ ബി.എഡ് പ്രോഗ്രാം ചെയ്യാവുന്നതാണ്.

6) 2019-21 ബാച്ചിനായുള്ള അക്കാദമിക് കലണ്ടർ, രണ്ടാം വർഷ 2018-20 ബാച്ച് (പുതുക്കിയ) അക്കാദമിക് കലണ്ടർ എന്നിവ ചർച്ച ചെയ്യുകയും അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.കോഴ്സ് ദൈർഘ്യം കുറയ്ക്കാതെ അക്കാദമിക് കലണ്ടറിനു അനുസൃതമായി കോഴ്സ് നടത്തണമെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് നിർദ്ദേശിച്ചു.

7) എൻ.സി.ടി യുടെ ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകളുടെ നവീകരണം കണക്കിലെടുത്ത് നാല് വർഷത്തെ സംയോജിത ബി.എഡ് പ്രോഗ്രാം,മൂന്ന് വർഷ സംയോജിത ബി.എഡ്-എം.എഡ് പ്രോഗ്രാമുകളുടെ പാഠ്യപദ്ധതി തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് നിർദ്ദേശിച്ചു.

02.08.2019 ൽ ചേർന്ന അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി പരാമർശം (1) പ്രകാരം 24/06/2019 ലെ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ (യു.ജി) യോഗ തീരുമാനങ്ങൾ അംഗീകരിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽ ശിപാർശ മഹാത്മാഗാന്ധി സർവകലാശാലാ ആക്റ്റ് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം ബഹു. വൈസ് ചാൻസിലർ അംഗീകരിച്ചു.

31.08.2019ലെ സർവ്വകലാശാല ഉത്തരവ്.നം.2444/എ.സി.എ12/3/11864/2019 (പരാമർശം 2) ഇതിനാൽ ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

ഒപ്പ്
ജോണി. കെ. എബ്രഹാം
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക് III)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. വി.സി, പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/സി.ഇ എന്നിവരുടെ പി.എമാർ
3. ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ (യു.ജി)
4. ജെ.ആർ II (ഭരണം)
5. എ.ആർ III /ഡി.ആർ II (അക്കാദമിക്).
6. EI V, EI VI, EI XXVI Sections
7. എ.സി.എ VIII/ എ.സി.സി II
8. റെക്കോർഡ്സ്/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
9. എസ്.എഫ്/എഫ്.സി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം